<u>ഭരണ ഭാഷ മാതൃഭാഷ</u>

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ്) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം
DIRECTORATE OF MEDICAL EDUCATION

കേരള സർക്കാർ

## മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

നം. EAMS-2461 (1) /2019/ മെ.വി.വ. തീ: 19/09/2021

## പരിപത്രം

10.03.2020 മുതൽ നിർത്തിവച്ചിരുന്ന ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം, ആയത് നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനത്തെ എല്ലാ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും **16.09.2021 മുതൽ** പുനഃസ്ഥാപിക്കുന്നതായി സ.ഉ (സാധാ) നം.3426/2021/പൊതുഭരണവകുപ്പ് തീ :14.09.2021 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ വകുപ്പിന് കീഴിലെ എല്ലാ സ്ഥിരം ജീവനക്കാരും അവർക്ക് അനുവദിച്ചിട്ടുള്ള **ഔദ്യോഗിക തിരിച്ചറിയൽ കാർഡ് ഉപയോഗിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള ഡ്യൂട്ടി സമയങ്ങളിൽ നിർബന്ധമായും പഞ്ചിംഗ് നടത്തി ഹാജർ ഉറപ്പാക്കേണ്ടതാണ്.**

ബയോ മെട്രിക് തിരിച്ചറിയൽ കാർഡ് ലഭിക്കാത്തവരും, കാർഡ് ഉപയോഗിച്ച് പഞ്ചിംഗ് ചെയ്യാൻ കഴിയാത്തവരും അക്കാര്യം ഉടൻ തന്നെ രേഖാമൂലം അതാത സ്ഥാപനത്തിലെ നോഡൽ ഓഫീസർമാരെ അറിയിക്കേണ്ടതും, നോഡൽ ഓഫീസർമാർ ഇക്കാര്യം പരിഹരിക്കുന്നതിനുവേണ്ടി സ്റ്റേറ്റ് നോഡൽ ഓഫീസർ/ കെൽട്രോൺ എന്നിവരുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം പുനഃസ്ഥാപിച്ച സാഹചര്യത്തിൽ ബയോ മെട്രിക് ഹാജർ രേഖപ്പെടുത്തുന്നത് സംബന്ധിച്ച തുടർ മാർഗ്ഗ നിർദ്ദേശങ്ങൾ ഉടൻ പുറപ്പെടുവിക്കുന്നതാണ്.

Signature valid

Digitally signed by Thomas Mathew
Date: 2021.09.19 15:26:26 IST
Reason: Approved

THOMAS MATHEW
JOINT DIRECTOR (MEDICAL)

പകർപ്പ്: 1.വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും (പരിപത്രം ജീവനക്കാരുടെ അറിവിലേക്കായി പരസ്യപ്പെടുത്തേണ്ടതാണ്)

2.ജോയിന്റ് ഡയറക്ടർ ( മെഡിക്കൽ/ ജനറൽ /നഴ്സിംഗ്)

3.സ്പെഷ്യൽ ഓഫീസർ

4.സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സീനിയർ ഫിനാൻസ് ഓഫീസർ (ഡി.എം.ഇ ഓഫീസ്)